**പതിനാലാം കേരളനിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1272** 04/02/2019 ലെ മറുപടി

**ഭിന്നശേഷിക്കാർക്കുള്ള പരീക്ഷാ ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഭിന്നശേഷിക്കാർക്കുള്ള പരീക്ഷാ ആനുകൂല്യങ്ങളുടെ മറവിൽ ചില സ്കൂളുകൾ എസ്.എസ്.എൽ.സിക്ക് നൂറ് ശതമാനം വിജയം ലഭിക്കുന്നതിനായി കുട്ടികൾക്ക് പഠനവൈകല്യമുണ്ടെന്ന് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി അവരെ പരീക്ഷ എഴുതിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) ഭിന്നശേഷിക്കാർക്കുള്ള പരീക്ഷാ ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യുന്നതായി നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കുള്ള പരീക്ഷാ ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യുന്നതു തടയുന്നതിനായി സർക്കാർ ഉത്തരവ് (കൈ) നം.63/2018/പൊവിവ, തീയതി 15.05.2018, സർക്കാർ ഉത്തരവ് (സാധാ) നം.5186/2018/പൊവിവ, തീയതി 07.12.2018 എന്നിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) വൈകല്യമുള്ള കുട്ടികളുടെ ബുദ്ധിപരിശോധന എട്ടാം ക്ലാസ്സിൽ നടത്തി ആവശ്യക്കാർക്ക് പ്രത്യേക പരിശീലനം നൽകണമെന്നും അതിനുശേഷവും പഠന വൈകല്യം ഉണ്ടെന്ന് കണ്ടെത്തുന്ന കുട്ടികൾക്ക് മാത്രമേ പരീക്ഷാ ആനുകൂല്യം നൽകാവൂ എന്നും ബാലാവകാശ കമ്മീഷൻ ശിപാർശ | (ബി) ഉണ്ട്. |

ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

| | |
|---|---|
| (സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണ്; വ്യക്തമാക്കാമോ? | സർക്കാർ ഉത്തരവ് (സാധാ) നം.5186/2018/പൊവിവ. തീയതി 07.12.2018 പ്രകാരം 2020, 2021 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ട ഇപ്പോൾ 9,8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനവൈകല്യം തിരിച്ചറിയുന്നതി നുള്ള നടപടികൾ 31.03.2019 നകം ക്ലാസ്സ് അദ്ധ്യാപകൻ ബി.ആർ.സി/ യു.ആർ.ഡി സഹായത്തോടെ പൂർത്തി യാക്കേണ്ടതാണെന്നും തുടർന്ന് ബന്ധപ്പെട്ട സർക്കാർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നൽകുന്ന ഐ.ക്യൂ. അസ്സസ്സ്മെന്റ് റിപ്പോർട്ടിന്റെ അടി സ്ഥാനത്തിൽ ഗവൺമെന്റ് സൈക്യാ ട്രിസ്റ്റ് നൽകുന്ന പഠന വൈകല്യ സർട്ടിഫിക്കറ്റുകൾ 30.06.2019 നകം ലഭ്യമാക്കേണ്ടതാണെന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ